# നിലപാടുള്ളവനാണ് വിശ്വാസി

عَنْ حُذيفة رضىالله عنه قَال قال رَسُولُالله ﷺ لا تَكُونُوا إمْعَةً تَقُولُونَ : إنْ أحْسَنَ النَّاسُ أحْسَنَّا وَإنْ ظَلَمُوا ظَلَمْنَا وَلَكِنْ وطنُوا أنفُسكُم إنْ أحْسَن النّاسُ أن تُحْسِنُو وَإنْ أسَاءُو فَلا تَظْلِمُوا (ترمذي)

ഹുദൈഫ(റ)യിൽ നിവേദനം. നബി (സ) പറഞ്ഞു: എല്ലാവരുടെയും സഹയാത്രികനാകാൻ നിങ്ങൾ ശ്രമിക്കരുത്. ഞങ്ങൾ ജനങ്ങളുടെ കൂടെയാണെന്ന് പറഞ്ഞ് ആളുകൾ ഒരു നല്ല കാര്യം ചെയ്യുമ്പോൾ അതുപോലെയും, അവർ ദുഷ്പ്രവൃത്തികൾ ചെയ്യുമ്പോൾ അതുപോലെയും ചെയ്യുന്ന നിലപാടെടുക്കരുത്. അവർ നന്മ ചെയ്യുമ്പോൾ അവരോടൊപ്പം നന്മ ചെയ്യുക. തിന്മ ചെയ്യുമ്പോൾ അവരോടൊപ്പം അതിക്രമം ചെയ്യാതിരിക്കുക (തിർമിദി).

സർവരെയും തൃപ്തിപ്പെടുത്തുന്ന സമീപനം സ്വീകരിക്കുക വിശ്വാസിക്ക് സാധ്യമല്ല. അല്ലാഹുവിലുള്ള അടിയുറച്ച വിശ്വാസം, സകല വാക്കുകളും കർമങ്ങളും അവന്റെ മാത്രം പ്രീതിക്ക് വേണ്ടിയുള്ള നന്മകളാക്കി ത്തീർക്കാൻ അവന് പ്രചോദനമാകുന്നു. 'അല്ലാഹുവിന് വേണ്ടി സ്നേഹിക്കുകയും അവന് വേണ്ടി മാത്രം കോപിക്കുകയും കൊടുക്കുകയും തടയുകയും ചെയ്യുന്നവനാരോ അവനാണ് വിശ്വാസം പൂർത്തീകരിച്ചവൻ' എന്നാണ് നബി(സ) വ്യക്തമാക്കിയിട്ടുള്ളത്.

'ഞാനിങ്ങനെ ചെയ്താൽ ആളുകൾ എന്തു വിചാരിക്കു'മെന്ന ചിന്ത വിശ്വാസിയെ അലട്ടാൻ പാടില്ല. ജനങ്ങൾ നന്മ ചെയ്യുമ്പോൾ അവരോടൊപ്പം നന്മ ചെയ്യുകയും, തിന്മയാണ് ചെയ്യുന്നതെങ്കിൽ അവരോടൊപ്പം അതിന് കൂടെ നിൽക്കുകയും ചെയ്യുന്ന സമീപനം വിശ്വാസിക്ക് ഭൂഷണമല്ല. നന്മയിൽ മാത്രം സഹകരിക്കുകയും തിന്മയിൽ നിസ്സഹകരിക്കുകയുമാണ് വേണ്ടത്.

തന്നോടൊപ്പം മറ്റുള്ളവരെയും നന്മയുടെ മാർഗത്തിലേക്ക് വഴിനടത്താനുള്ള ശ്രമമാണ് വിശ്വാസി നടത്തേണ്ടത്. നാട്ടുനടപ്പുകൾക്കും ശീലങ്ങൾക്കും അടിപ്പെട്ട് സമൂഹത്തിൽ നിലനിൽക്കുന്ന സമ്പ്രദായങ്ങൾക്കനുസരിച്ച് ജീവിക്കുന്നവരെ കാണാം. ആളുകൾ അനാചാരങ്ങളിലും അന്ധവിശ്വാസങ്ങളിലുമേർപ്പെടുമ്പോൾ അവരും അതിന്റെ അനുകർത്താക്കളായി മാറുന്നു. യഥാർഥത്തിൽ അതുവഴി ഈ ലോകത്തും പരലോകത്തും ദുഷ്ഫലമാണ് അവർക്ക് ലഭിക്കുക.

ദുരാചാരങ്ങളിലൊന്നും വിശ്വാസിക്ക് പങ്കുചേരാൻ പാടില്ല. അതിന്റെ പേരിൽ ആളുകൾ കുറ്റപ്പെടുത്തുകയും പലവിധത്തിലുള്ള ദ്രോഹങ്ങളേൽപിക്കുകയും ചെയ്തെന്ന് വരാം. എല്ലാ ദ്രോഹങ്ങളെയും ക്ഷമയോടെ നേരിട്ട് അല്ലാഹുവിന്റെ മാർഗത്തിൽ അടിയുറച്ച് നിൽക്കുകയാണ് വേണ്ടത്. ജനങ്ങളുടെ സ്നേഹവും സഹായവും നേടാൻ അല്ലാഹുവിന്റെ കോപത്തെ ക്ഷണിച്ചുവരുത്തുന്ന യാതൊന്നും ചെയ്യാൻ പാടില്ല. താൻ ശരിയെന്ന് വിശ്വസിക്കുന്നതിനോട് പ്രതിജ്ഞാബദ്ധനായിരിക്കണം. അല്ലാഹുവിൽ നിന്നുള്ള പ്രതിഫലമല്ലാതെ മറ്റൊന്നും ആഗ്രഹിക്കരുത്. റസൂൽ(സ) പറഞ്ഞതായി ഇബ്നു അബ്ബാസ് (റ) രേഖപ്പെടുത്തുന്നു: "ജനങ്ങളെ തൃപ്തിപ്പെടുത്താനായി, അല്ലാഹുവിന് അഹിതകരമായത് ചെയ്യുന്നവൻ അല്ലാഹുവിന്റെ അപ്രീതി സമ്പാദിക്കുന്നു. ആരെയാണോ അവൻ തൃപ്തിപ്പെടുത്തിയത് അവരുടെ അപ്രീതിയും സമ്പാദിക്കുന്നു. എന്നാൽ, ജനങ്ങളുടെ വെറുപ്പ് സമ്പാദിച്ചും അല്ലാഹുവിന്റെ പ്രീതി നേടുന്ന പ്രവൃത്തി ചെയ്യുന്നവനെ അല്ലാഹു മാത്രമല്ല ഇഷ്ടപ്പെടുക. ആരെയാണോ അല്ലാഹുവിന് വേണ്ടി അവനെ വെറുക്കേണ്ടിവന്നത് അവരും അവനെ ഇഷ്ടപ്പെടുന്നു. അല്ലാഹു അവന്റെ വാക്കും പ്രവൃത്തിയുമെല്ലാം മറ്റുള്ളവരുടെ ദൃഷ്ടിയിൽ മനോഹരമാക്കുന്നു" (ത്വബ്റാനി). ■